# എന്റെ ചില സംശയങ്ങൾ

രാജു മൈലപ്രാ

**ഞാ**നൊരു സംശയരോഗിയാണെന്നുള്ള കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല. ആര് എന്തു നല്ല കാര്യം ചെയ്താലും അതിനെ സംശയത്തോടെ നോക്കിക്കാണുക എന്നുള്ളത് എന്റെ ഒരു ശീലമായിപ്പോയി.

മഹാപ്രളത്തിനു ശേഷം നവകേരളനിർമ്മിതിയുമായി, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ മുന്നോട്ടു വന്നപ്പോൾ ജനം ഒന്നടങ്കം കൈയ്യടിച്ചു. പക്ഷേ കേന്ദ്രസർക്കാർ അർഹിക്കുന്നത്ര സഹായം നൽകാഞ്ഞതിനാലും, കിട്ടുവാനുള്ള നക്കാപ്പിച്ച വിദേശസഹായത്തിനു പാരവെച്ചതും ഈ പദ്ധതിയെ പുറകോട്ടടിച്ചു.

പക്ഷെ, നമ്മൾ മനഃപ്രയാസപ്പെടേണ്ട കാര്യമൊന്നുമില്ല. അമേരിക്കൻ മലയാളികളുടെ അഭിമാനം ഉയർത്തിപ്പിടിച്ചുകൊണ്ട്, നമ്മുടെ ദേശീയ സംഘടനകളായ ഫൊക്കാനയും ഫോമയും കളത്തിലിറങ്ങിക്കഴിഞ്ഞു. പേരിനുവേണ്ടി ഒന്നോ രണ്ടോ തുക്കടാ വീടുകൾ നിർമ്മിക്കുന്നു പകരം, ഗ്രാമങ്ങളെ മൊത്തത്തിൽ ഇവർ ദത്തെടുക്കുകയാണ്. (ഈ ദത്തെടുക്കൽ പ്രയോഗം എനിക്കു ശരിക്കു പിടികിട്ടിയിട്ടില്ല). വീടില്ലാത്തവർക്കെല്ലാം വീട്; വീടിനോടുചേർന്നു തന്നെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ-അടിപൊളി സെറ്റപ്പ്- പാചകത്തിനുള്ള ഗ്യാസ് സിലിണ്ടർ അവിടെ എത്തിച്ചുകഴിഞ്ഞു. ഇനി വീട് പൂർത്തിയാക്കേണ്ട താമസമേയുള്ളൂ, കുക്കിംഗ് തുടങ്ങുവാൻ, ശൗചാലയങ്ങളുടെ ഉത്ഘാടനത്തിന് അൽഫോൺസ് കണ്ണന്താനത്തിനെ ബുക്കു ചെയ്തു കഴിഞ്ഞു. എല്ലാകൂടി കണക്കുകൂട്ടിയാൽ മൊത്തത്തിൽ ഒരു ആയിരം വീടോളം വരും. യുദ്ധകാലാടിസ്ഥാനത്തലാണു ഇതിന്റെ നിർമ്മാണം നടക്കുന്നതെന്നാണ് ഭാരവാഹികൾ അവകാശപ്പെടുന്നത്. അപ്പോൾ ഈ ഭരണസമിതിയുടെ കാലാവധി കഴിയുന്നതിനു മുൻപ് തന്നെ ഇതു നടക്കും. ഇല്ലെങ്കിൽത്തന്നെയും കുഴപ്പമൊന്നുമില്ല. സ്ഥിരം നേതാക്കന്മാരാണല്ലോ മാറിയും മറിഞ്ഞും വരുന്നത്.

ദത്തെടുക്കുന്ന ഗ്രാമങ്ങൾക്ക് സംഘടനകളുടെ പേരു നൽകാമെന്ന് സർക്കാർ സമ്മതിച്ചിട്ടുണ്ട്. അങ്ങിനെ കുരമ്പാല ഫൊക്കാനാ ടൗണായും, കുമ്പഴ ഫോമാ ടൗണായും ഭാവിയിൽ അറിയപ്പെടുവാനുള്ള സാദ്ധ്യതയുണ്ട്.

ഷഷ്ഠിപൂർത്തി കഴിഞ്ഞവരും, അതിനോടടുത്തു നിൽക്കുന്ന ചെറുപ്പക്കാരും മരത്തുള്ളതുകൊണ്ട്, ഇത്തവണ എങ്കിലും കാട്ടിക്കൂട്ടുമെന്ന് എനിക്കൊരു പ്രതീക്ഷയുണ്ട്.

ആദ്യത്തെ ഈ ആവേശമെല്ലാം ആറിത്തണുക്കുമ്പോൾ, പദ്ധതി ഇഴയുവാൻ തുടങ്ങുമോ? എന്നിലെ സംശയക്കാരന്റെ സംശയം മാത്രമാണിത്. ധൈര്യമായി മുന്നോട്ടു പൊയ്ക്കോളൂ- ലക്ഷം ലക്ഷം പിന്നാലെ!

***************

കാര്യങ്ങളെല്ലാം ഒരുമാതിരി സ്മൂത്തായി പോകുമ്പോഴാണു ശബരിമല സ്ത്രീപ്രവേശന വിഷയം സംബന്ധിച്ച് സുപ്രീംകോടതി വിധി വന്നത്.

ജനിച്ച നാൾ മുതൽ, എനിയ്ക്ക് അയ്യപ്പനെ കാണണമേ, ശബരിമല ചവിട്ടണേ എന്ന പ്രാർത്ഥനാവൃതവുമായി, ഈ ഒരു വിധിയ്ക്കു വേണ്ടി കാത്തിരിയ്ക്കുകയായിരുന്നുവെന്നു തോന്നു. വിധി വന്ന പുറകേ ചില പെമ്പ്രന്നോന്മാർ ജീൻസുമിട്ട് പതിനെട്ടാംപടി ചവിട്ടുവാനായി ചാടി പുറപ്പെട്ടതു കാണുമ്പോൾ ഒരു കലാപാന്തരീക്ഷം സൃഷ്ടിക്കുവാൻ വേണ്ടി ഇവരെ ആരോ മനഃപൂർവ്വം ഇറക്കുമതി ചെയ്തതാണോ എന്നെനിക്കു സംശയമുണ്ട്.

വിധി വന്നതോടു കൂടി നമ്മുടെ രാഷ്ട്രീയ പണ്ഡിറ്റുകളെല്ലാം കൂടി ചാനൽ ചർച്ചകളിലൂടെ അതിനെ ഒരു പരുവമാക്കി. ഇപ്പോൾ ഏതു അണ്ടനും, അടകോടനും യാതൊരു വൃതശുദ്ധിയുമില്ലാതെ ശബരിമലയിൽ കയറി നിരങ്ങാമെന്ന അവസ്ഥയായി. ആചാരസംരക്ഷണമൊന്നുമല്ല ഇവരുടെ അജണ്ടയെന്ന് അരിയാഹാരം കഴിക്കുന്ന ആർക്കും മനസ്സിലാകും.

തുടക്കത്തിൽ വിധിയെ സ്വാഗതം ചെയ്തവർ, വിശ്വാസികളുടെ വികാരം മനസ്സിലാക്കിയപ്പോൾ ഇപ്പോൾ ദിനംപ്രതി മലക്കം മറിയുകയാണ്. ഏതു വളയത്തിൽ കൂടി ചാടിയാലാണ് പത്തു വോട്ടു കിട്ടുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമേ അവർക്കുള്ളൂ.

കേന്ദ്രത്തിലൊരു നയം- കേരളത്തിൽ മറ്റൊന്ന്- ശശികല ടീച്ചറും, സുരേന്ദ്രൻ സ്വാമിയും മല ചവുട്ടിയത് എന്തിനാണെന്നു ഒരു പരിധി വരെ മനസ്സിലാക്കാം.

എന്നാൽ ഈ കോൺഗ്രസുകാർ എന്തു കോപ്രായമാണത്ര കാണിക്കുന്നതെന്നു പിടികിട്ടുന്നില്ല.

ആദ്യം ബി.ജി.പിയോടൊപ്പം അവരുടെ കൊടിക്കീഴിൽ ജാഥ നടത്തി. അമളി പറ്റിയപ്പോൾ ഇനി

തനിച്ചാകാമെന്നു കരുതി. കോൺഗ്രസ് പ്രസിഡന്റ് രാഹുൽ ഗാന്ധിയുടെ വിശ്വാസത്തേക്കാൾ, അവർ വില കൊടുത്തത് രാഹുൽ ഈശ്വറിന്റെ വാക്കുകൾക്കാണ്. ഈശ്വരോ രക്ഷതു!

ഈ കഴിഞ്ഞദിവസം കോൺഗ്രസ് നേതാക്കന്മാരെല്ലാം കൂടി അണികളേയും കൂട്ടി ശബരിമലയ്ക്കു പോയത് എന്തിനാണാവോ?

ലംഘിക്കും, ലംഘിക്കും 144 ലംഘിയ്ക്കും എന്നുള്ള ശരണം വിളിയോടുകൂടിയാണ് അവർ സ്വന്തം കാറിൽ മല ചവിട്ടിയത്.

ഉമ്മൻ ചാണ്ടി, രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, കെ. എം. മുനീർ, ബെന്നി ബെഹനാൻ തുടങ്ങിയവർ മുൻനിരയിലുണ്ടായിരുന്നു.

ഞങ്ങൾ 144 ലംഘിക്കുകയാണ്. ഞങ്ങളെ അറസ്റ്റ് ചെയ്യൂ. എന്നവർ താണുവീണു കേണപേക്ഷിച്ചിട്ടും പോലീസ് വഴങ്ങിയില്ല.

പ്ലീസ്, അറസ്റ്റ് അസ്- ചെന്നിത്തല ഇംഗ്ലീഷിൽ ഒരു കാച്ചുകാച്ചി നോക്കി. അല്ലെങ്കിൽത്തന്നെ ഈയിടയായി ചെന്നത്തലയ്ക്ക് ഇംഗ്ലീഷ് ഇച്ചിരെ കൂടുതലാണ്. പ്രത്യേകിച്ചും ഉമ്മൻചാണ്ടി കൂടെയുള്ളപ്പോൾ. കുഞ്ഞൂഞ്ഞിനെ ഒന്നു കൊച്ചാക്കി കാണിക്കുവാൻ അതു മനഃപൂർവ്വം ചെയ്യുന്നതാണ് എന്നാണെന്റെ സംശയം. ഉമ്മച്ചന്റെ അംഗ്രേസി ആന്ധ്രായിൽ അത്ര ഏശുന്നില്ല.

മുദ്രാവാക്യം വിളിക്ക് അത്ര ഉശിരൊന്നുമുണ്ടായിരുന്നില്ല സമരത്തിന്റെ കാര്യത്തിൽ കോൺഗ്രസുകാർ അത്ര പോരാ. അലക്കിത്തേച്ച തൂവെള്ള ഖദർഷർട്ടിൽ ചെളി പറ്റുന്നത് അവർക്ക് ചിന്തിക്കുവാൻ പോലും പറ്റില്ല.

അറസ്റ്റു നടക്കാതെ വന്നപ്പോൾ 144 പിൻവലിക്കാതെ ഞങ്ങൾ ഇവിടെ നിന്നും എഴുന്നേൽക്കില്ല എന്നൊരു വിഡ്ഢിത്തരം ഒരുത്തൻ എഴുന്നെള്ളിക്കുന്നതു കണ്ടു. ഇവനേതു കോത്താഴത്തുകാരനാണെടാ/ എന്ന ഭാവത്തിൽ പോലീസ് ഓഫീസർ കൈ മലർത്തി.

പിന്നീടു ശരണം വിളി മാത്രമായി ശരണം- സ്വാമിയേയ്... ശരണമയ്യപ്പോ എന്നുള്ള ശരണം വിളി വന്നപ്പോൾ ഉമ്മച്ചനും, ജോസഫും മുനീറും ഊമകളെപ്പോലെ നിന്നു. പുതുപ്പള്ളി പള്ളിയിലെ സ്ഥിരം കസ്റ്റമറായ ചാണ്ടിക്കുഞ്ഞ് ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതെന്നുള്ള ബൈബിൾ വചനം ഓർത്തു കാണും., ശരണം വിളിച്ചിട്ട് പാണാക്കോട്ടേയ്ക്കു എങ്ങിനെ പോകുമെന്നു മുനീർ സാഹിബും ചിന്തിച്ചു കാണും.

അവസാനം നട്ട്സ് പോയ അണ്ണാൻമാരെപ്പോലെ ഇളിഭ്യരായി, സമരത്തിന്റെ ഒന്നാംഘട്ടം നമ്മൾ വിജയിച്ചു എന്നൊരു പ്രഖ്യാപനം നടത്തിയിട്ട്, അവർ വന്ന വണ്ടിയിൽത്തന്നെ മലയിറങ്ങി. ഇനി ഏതാണ്ടൊക്കെ ഉലുത്തുമെന്നാണു പറയുന്നത്. കാത്തിരുന്നു കാണാം.